# Std. 5

## വിശുദ്ധരെ അറിയാൻ അനുകരിക്കാൻ : വിശ്വാസപരിശീലന പാഠാവലി ഉപപാഠപുസ്തകം

## 2. അസീസിയിലെ വിശുദ്ധ ക്ലാര

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | വി.ക്ലാര ജനിച്ചത് എവിടെയാണ്? | ഇറ്റലിയിലെ അസ്സീസി നഗരത്തിലെ ഓഫ്രദൂച്ചിയോ പ്രഭുകുടുംബത്തിൽ |
| 2 | വി.ക്ലാര ജനിച്ചത് എന്നാണ്? | 1194 ജൂലൈ 16–ാം തീയതി |
| 3 | വി.ക്ലാരയുടെ മാതാപിതാക്കൾ ആരായിരുന്നു? | പിതാവ്: ഫാവറോണെ പ്രഭു, മാതാവ്: ഓർത്തൊലാനാ പ്രഭി |
| 4 | ക്ലാരയുടെ ജനനത്തിന് ഏതാനും മാസം മുമ്പ് ഓർത്തൊലാനാ പ്രഭി വിശുദ്ധനാടു സന്ദർശനം നടത്തിയപ്പോൾ തന്റെ ഉദരത്തിലുള്ള കുഞ്ഞിനെ കാത്തുകൊള്ളണമെന്നു പ്രാർത്ഥിച്ചപ്പോൾ കേട്ട സ്വരം എന്തായിരുന്നു.? | "ലോകത്തെ മുഴുവൻ ജ്വലിപ്പിക്കുന്ന ഒരു പ്രകാശം നിന്നിൽ നിന്ന് ജനിക്കും" എന്ന്. |
| 5 | ക്ലാര എന്ന വാക്കിന്റെ അർത്ഥം എന്ത്? | പ്രകാശിപ്പിക്കുന്നവൾ |
| 6 | 1198–ൽ ഉണ്ടായ ലഹളയെത്തുടർന്ന് ക്ലാരയുടെ കുടുംബം അഞ്ചുവർഷം അസീസിയിൽ നിന്ന് മാറിത്താമസിച്ചത് എവിടെയായിരുന്നു? | പെറൂജിയ എന്ന നഗരത്തിൽ |
| 7 | ക്ലാരയെ ചെറുപ്പത്തിൽ ദൈവഭക്തിയിൽ വളർത്തുകയും വിശുദ്ധരുടെ കഥകൾ പറഞ്ഞു കേൾപ്പിക്കുകയും ചെയ്തത് ആരാണ്? | ക്ലാരയുടെ അമ്മ ഓർത്തൊലാനാ |
| 8 | ക്ലാര എല്ലാ സുഖസൗകര്യങ്ങളും ഉപേക്ഷിച്ച് ഫ്രാൻസിസിനെപ്പോലെ ജീവിക്കുവാൻ ആഗ്രഹിച്ചത് ഫ്രാൻസിസ് ഏതു ദേവാലയത്തിൽ പ്രസംഗിക്കുന്നത് കേട്ടപ്പോഴാണ്? | സാൻ ജോർജിയോ ദേവാലയത്തിൽ വച്ച് |
| 9 | ക്ലാര തന്റെ ആത്മീയഗുരുവായി സ്വീകരിച്ചത് ആരെയാണ്? | വി.ഫ്രാൻസിസ് അസീസിയെ |
| 10 | ദരിദ്രയായി ജീവിക്കുവാൻ ഫ്രാൻസീസിനെ കണ്ട് താല്പര്യം അറിയിച്ച ക്ലാരയുടെ തീരുമാനം ദൈവം അംഗീകരിച്ചെന്ന് ക്ലാരയ്ക്ക് തോന്നിയത് എപ്പോഴാണ്? | 1212 ലെ ഓശാന ഞായറാഴ്ച കാർമ്മികനായിരുന്ന ഗീദോ മെത്രാൻ താഴെ ഇറങ്ങിവന്ന് ക്ലാരയുടെ കയ്യിൽ കുരുത്തോല കൊടുത്തപ്പോൾ |
| 11 | യേശുവിന് സ്വന്തമായിത്തീർന്ന ക്ലാര ലോകസുഖങ്ങളെല്ലാം ഉപേക്ഷിച്ച് വീടുവിട്ടിറങ്ങി എത്തിച്ചേർന്നത് ഏതു ദേവാലയത്തിലാണ്? | പോർസ്യൂങ്കുലാ ദേവാലയത്തിൽ |
| 12 | അൾത്താരയ്ക്കു മുമ്പിൽ മുട്ടുകുത്തി ആഭരണങ്ങൾ അഴിച്ചുമാറ്റി, ചാരനിറത്തിലുള്ള പരുക്കൻ വസ്ത്രം ധരിച്ച്, അരയിൽ കയറുംകെട്ടി, തല മുണ്ഡനം ചെയ്ത്, കറുത്ത തുണി കൊണ്ട് ശിരോവസ്ത്രം ധരിച്ച്, സക്രാരിയുടെ മുമ്പിൽ വ്രതവാഗ്ദാനം നടത്തി, പരിപൂർണ്ണ ദാരിദ്രത്തിൽ യേശുവിന്റെ സുവിശേഷമനുസരിച്ച് കന്യകയായി ജീവിക്കുമെന്ന് പ്രതിജ്ഞ ചെയ്തതിനുശേഷം എവിടേയ്ക്കാണ് ഫ്രാൻസിസ് ക്ലാരയെ കൊണ്ടു ചെന്നാക്കിയത്? | ബനഡിക്റ്റെൻ മഠത്തിൽ |
| 13 | ക്ലാര കൂടുതൽ ദരിദ്രയായി ജീവിക്കുന്നതിന് ബനഡിക്റ്റെൻ മഠത്തിൽ നിന്ന് എവിടേയ്ക്കാണ് പോയത്? | സാൻ ആഞ്ചെലോ മഠത്തിലേക്ക് |
| 14 | ക്ലാരയുടെ സഹോദരി ആഗ്നസ് വീടുവിട്ടോടി മഠത്തിൽ ചേരാൻ വന്നപ്പോൾ സംഭവിച്ച അത്ഭുതം എന്താണ്? | 15 വയസ്സുള്ള ആഗ്നസ് വീട്ടുകാരുടെ സമ്മതമില്ലാതെ ക്ലാരയുടെ മഠത്തിൽ ചേരുന്നതിനു വന്നു. ഇതിൽ കുപിതരായ ബന്ധുജനങ്ങൾ പടയാളികളെയും കൂട്ടി വന്ന് മഠത്തിനുള്ളിൽ പ്രവേശിച്ച് ആഗ്നസിന്റെ മുടിക്കുത്തിനു പിടിച്ച് വലിച്ചിഴച്ച് വാതിൽക്കൽ വരെ കൊണ്ടുവന്നു. നിസ്സഹായതയോടെ ക്ലാര വി. കുർബാനയുടെ മുമ്പിൽ നിലവിളിച്ചു പ്രാർത്ഥിച്ചു. അപ്പോൾ പടയാളികൾക്ക് ആഗ്നസിനെ ഉയർത്താൻ സാധിച്ചില്ല. ഉരുക്കിന്റെ കനം തോന്നിച്ചു. ആഗ്നസിന്റെ ചെകിടത്ത് ആഞ്ഞടിച്ച യാളിന്റെ കൈ വേദനിക്കുകയും ചെയ്തപ്പോൾ അവർ ഭയന്ന് പിന്മാറി. പിറ്റേദിവസം തന്നെ ആഗ്നസും സഭാവസ്ത്രം സ്വീകരിച്ച് സന്യാസിനിയായി. |

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 15 | സാൻ ആഞ്ചെലോ മഠത്തിലെ താമസവും സമ്പൂർണ്ണ ദാരിദ്രത്തിന് പറ്റിയതല്ലാതിരുന്നതിനാൽ ക്ലാര സഹോദരിക്കൊപ്പം സാൻഡാമിയാനോ പള്ളിയോടു ചേർന്നുള്ള ഒരു ചെറിയ ഭവനത്തിൽ താമസിച്ചു. തറയിൽ വൈക്കോൽ വിരിച്ച് കിടന്നുറങ്ങിയ അവരുടെ ആഗ്രഹം എന്തായിരുന്നു? | തങ്ങളേക്കാൾ ദരിദ്രരായി ലോകത്ത് ആരുമുണ്ടാകരുതെന്ന്. |
| 16 | ക്ലാരയുടെ മാർഗ്ഗം എന്തായിരുന്നു? | ഒന്നാമതായി ദൈവത്തെ സ്നേഹിക്കുക. രണ്ടാമതായി സ്വന്തം തെറ്റുകൾ ഏറ്റുപറയുക. മൂന്നാമതായി ക്രിസ്തുവിന്റെ പീഡാസഹനം സദാ മനസ്സിൽ ധ്യാനിക്കുക. |
| 17 | വിദൂരസ്ഥലങ്ങളിൽ പോയി പ്രേഷിത പ്രവർത്തനം നടത്തുവാനും രക്തസാക്ഷിത്വം വരിക്കാനും ആഗ്രഹിച്ച ക്ലാരയോട് ഫ്രാൻസിസ് പറഞ്ഞതെന്താണ്? | നീ ഈ മഠത്തിനുള്ളിൽ ഏകാന്തമായി വസിച്ചുകൊണ്ട് ആത്മാക്കളെ നേടുക. അതാണ് ദൈവതിരുമനസ്സ്. |
| 18 | രണ്ടാം ഫ്രാൻസിസ്കൻ സഭ എന്നറിയപ്പെട്ട ക്ലാരയുടെ സന്യാസസഭ സ്ഥാപിച്ചത് ആര്? | ക്ലാരയുടെ ആത്മീയ ഗുരുവീയ വി. ഫ്രാൻസിസും ക്ലാരയും കൂടിയാണ് ക്ലാരയുടെ സന്യാസസഭ സ്ഥാപിച്ചത്. |
| 19 | ക്ലാരയുടെ സഹോദരി ആഗ്നസിനെ കൂടാതെ മറ്റാരൊക്കെയാണ് തന്റെ കുടുംബത്തിൽ നിന്നും മഠത്തിൽ ചേർന്നത്? | ക്ലാരയുടെ ഇളയസഹോദരി ബിയാട്രിസും, പിന്നീട് വിധവയായി ത്തീർന്ന അമ്മ ഓർത്തൊലാന പ്രഭ്വിയും ക്ലാരമഠത്തിൽ ചേർന്നു. |
| 20 | എന്തു ലക്ഷ്യത്തോടെയാണ് ഫ്രാൻസിസിന്റെ സന്യാസ സഭകൾ പ്രവർത്തിച്ചത്? | അനുദിനം അധഃപതിച്ചുകൊണ്ടിരുന്ന ലോകത്തെ സമുദ്ധരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിച്ചത്. |
| 21 | ക്ലാരമഠത്തിന്റെ വളർച്ച എപ്രകാരമായിരുന്നു? | ധ്യാനാത്മകപ്രാർത്ഥനയും ദാരിദ്ര്യചൈതന്യവും പരസ്പര സ്നേഹവും കൊണ്ട് ക്ലാരയുടെ കൂട്ടുകാരും ലോകത്തിനു പ്രകാശമായി. മാർപാപ്പമാരും കർദ്ദിനാൾമാരും ക്ലാരയെ പ്രശംസിച്ചു. വീടുവിട്ടിറങ്ങിയ ക്ലാരയ്ക്ക് അഭയം നൽകിയ രണ്ട് മഠങ്ങളും മാർപ്പാപ്പയുടെ അനുവാദത്തോടെ ക്ലാരസഭയിൽ ലയിച്ചു. തുടർന്ന് പല ബനഡിക്ടൻമഠങ്ങളും ക്ലാരമഠങ്ങളായി മാറി. |
| 22 | ക്ലാര മരിക്കുന്നതിനുമുമ്പ് മാർപാപ്പയോടു പറഞ്ഞ രണ്ട് അന്തിമാഭിലാഷങ്ങൾ ഏതൊക്കെയായിരുന്നു? | ഒന്ന് പൂർണ്ണദണ്ഡ വിമോചനം ലഭിക്കുക. രണ്ടാമത് ക്ലാരസഭയുടെ നിയമാവലിക്ക് അംഗീകാരം ലഭിക്കുക. |
| 23 | ക്ലാരസഭയുടെ നിയമാവലിക്ക് ഔദ്യോഗികഅംഗീകാരം നൽകിയത് എന്ന്? | 1253 ആഗസ്റ്റ് 9-ന് ഇന്നസെന്റ് നാലാമൻ. |
| 24 | മാർപാപ്പ ഒപ്പുവച്ച നിയമാവലി മരണക്കിടക്കയിൽ മാറോടണച്ചു പിടിച്ചുകൊണ്ട് ക്ലാര എന്താണ് പ്രാർത്ഥിച്ചത്? | കർത്താവേ, അങ്ങയുടെ ദാസിയെ സമാധാനത്തിൽ പറഞ്ഞയച്ചാലും. |
| 25 | വി.ക്ലാര മരണമടഞ്ഞത് എന്നായിരുന്നു.? | 1253 ആഗസ്റ്റ് 11–ാം തീയതി. |
| 26 | ക്ലാരയുടെ മൃതദേഹം സാൻ ജോർജിയ ദേവാലയത്തിൽ സംസ്കരിച്ചപ്പോൾ ചടങ്ങുകൾക്ക് നേതൃത്വം കൊടുത്ത മാർപ്പാപ്പ ആരായിരുന്നു? | ഇന്നസെന്റ് നാലാമൻ |
| 27 | ക്ലാരയെ വിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തിയത് എന്നായിരുന്നു? ഏതു മാർപാപ്പ? | 1255 സെപ്തംബർ 26–ന് അലക്സാണ്ടർ നാലാമൻ മാർപ്പാപ്പ. |
| 28 | ദാരിദ്ര്യത്തിന്റെ ശക്തി ലോകത്തിനു വെളിപ്പെടുത്തിയ വനിത: | വി. ക്ലാര |
| 29 | വി. ക്ലാരയുടെ തിരുനാൾ ദിനം | ആഗസ്റ്റ് 11 |
| 30 | വി. ക്ലാരയുടെ പുണ്യവചനം: | ദാരിദ്ര്യത്തെ വരിക്കുക, ഇതിലൂടെ നിങ്ങൾ എല്ലാം കൈവരിക്കും. |
| 31 | വി. ക്ലാരയുടെ സന്ദേശം | സുവിശേഷാധിഷ്ഠിതമായ ദാരിദ്ര്യത്തിൽ ജീവിച്ചാൽ സുഖഭോഗങ്ങളുടെ ഈ ലോകത്തെ ജയിക്കാം. |

**ശ്രദ്ധിക്കുക:** പാഠത്തിന്റെ സംഗ്രഹമാണ് ചോദ്യോത്തരരൂപത്തിൽ കൊടുത്തിരിക്കുന്നത്. ചോദ്യത്തിലും ഉത്തരത്തിലും മറ്റു പല ചോദ്യോത്തരങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. ചോദ്യം എങ്ങനെയുള്ളതായാലും (ഉദാ: ഒറ്റവാക്കിൽ ഉത്തരം എഴുതുക, ബ്രാക്കറ്റിൽ നിന്നും ഉത്തരം എടുത്തെഴുതുക, പട്ടിക ക്രമപ്പെടുത്തുക, ഫ്ളോചാർട്ട് പൂർത്തിയാക്കുക, ഉത്തരം എഴുതുക, പദസൂര്യൻ പൂർത്തിയാക്കുക, ജീവചരിത്രം പൂർത്തിയാക്കുക, ഖണ്ഡിക എഴുതുക മുതലായവ) അത് വായിച്ചു മനസ്സിലാക്കി ചോദ്യത്തിനനുസരിച്ച് ശരിയായ ഉത്തരമെഴുതുക. പുസ്തകം വായിച്ചതിനുശേഷമാണ് പാഠത്തിന്റെ സംഗ്രഹം പഠിക്കേണ്ടത്.